# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7824 — 23-07-2012-ൽ മറുപടിയ്ക്ക്

### റോഡ് നിയമങ്ങൾ പാലിക്കാത്തത് മൂലമുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ എൻ. ഷംസുദ്ദീൻ :<br>ശ്രീ സി. മോയിൻകുട്ടി :<br>ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) മദ്യവും മയക്കുമരുന്നും റോഡപകടങ്ങളുണ്ടാക്കുന്നതിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. എന്നാൽ മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിൽ അത്തരത്തിലുള്ള അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മദ്യപിച്ചും മയക്കു മരുന്നുപയോഗിച്ചും മൊബൈൽ ഫോണിൽ സംസാരിച്ചും ഡ്രൈവ് ചെയ്യുന്നവർക്ക് നൽകുന്ന ശിക്ഷയെന്താണ് ; ഇത്തരം കേസുകൾ പ്രത്യേകം പരിഗണിച്ച് കഠിനശിക്ഷ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) മദ്യപിച്ചും മയക്കു മരുന്നുപയോഗിച്ചും വാഹനമോടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ഐ.പി.സി യിലെയും എം.വി.ആക്ടിലേയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ബഹു. കോടതിയിൽ ചാർജ്ജ് ഷീറ്റ് ഹാജരാക്കി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

എന്നാൽ മൊബൈൽ ഫോണിൽ സംസാരിച്ച് വാഹനമോടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ എം.വി. ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം പെറ്റി കേസ് രജിസ്റ്റർ ചെയ്ത് പിഴ ഈടാക്കി വരുന്നു. ഇത്തരം കേസുകളിൽ കഠിനശിക്ഷ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**(സി)** മദ്യപിച്ചും മയക്കുമരുന്നുകൾ ഉപയോഗിച്ചും വാഹനമോടിച്ച് അപകടമുണ്ടാകുന്നവരുടെ രക്തപരിശോധന നടത്താറുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം അന്വേഷിച്ച്, ആയത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**(സി)** മദ്യപിച്ച് വാഹനം ഓടിച്ച് അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരെ അപകടം ഉണ്ടായ അവസരത്തിൽ തന്നെ കണ്ടെത്തുവാൻ സാധിച്ചാൽ അവർ മദ്യപിച്ചിട്ടുണ്ടോ എന്ന് ആൽക്കോമീറ്റർ ഉപയോഗിച്ച് പരിശോധിച്ച് മദ്യപിച്ചിട്ടുണ്ടെന്ന് മനസ്സിലായാൽ അത്തരം ഡ്രൈവർമാരെ രക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ അപകടം ഉണ്ടായ സമയത്ത് രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി അപകടത്തിൽപ്പെട്ട വാഹനത്തിലെ ഡ്രൈവർമാരെ പൊതുജനങ്ങൾ ഉടൻതന്നെ ആശുപത്രിയിൽ എത്തിക്കുകയും പോലീസിൽ ഇന്റിമേഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാകുകയും ചെയ്യുന്ന അവസരങ്ങളിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതെ വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടത്തിൽപ്പെട്ട് ആശുപത്രിയിലെ

ത്തിക്കുന്ന ഡ്രൈവർമാരുടെ രക്ത സാമ്പിൾ ആശുപത്രി അധികൃതരുടെ ചുമതലയിൽ ശേഖരിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം ആവശ്യമാണ്. അത്തരം നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ